# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3273

24.02.2016 ൽ
മറുപടിക്ക്

## പോലീസിലെ ഡ്രൈവർമാരുടെ ഒഴിവുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| **(എ)** പോലീസിൽ എത്ര വാഹനങ്ങൾ നിലവിലുണ്ട്;ഇവയിൽ പ്രവർത്തനക്ഷമമായ വാഹനങ്ങൾ എത്ര; | (എ) | പോലീസിൽ നിലവിൽ ബോട്ടും മോട്ടോർ സൈക്കിളും ഉൾപ്പെടെ 7277 വാഹനങ്ങൾ ഉണ്ട്. ഇതിൽ പ്രവർത്തന സജ്ജമായ 6226 വാഹനങ്ങൾ ഉണ്ട്. |
| **(ബി)** ഇത്രയും വാഹനങ്ങൾ ഓടിക്കുന്നതിന് എത്ര പോലീസ് ഡ്രൈവർമാരെ ആവശ്യമുണ്ട്; ഇപ്പോൾ എത്ര പേരുണ്ട്;ഡ്രൈവർ ഡ്യൂട്ടി ചെയ്യുന്ന എത്ര പോലീസ് കോൺസ്റ്റബിൾമാരുണ്ട്; | (ബി) | പോലീസ് സേനയിൽ 2601 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകളാണ് നിലവിലുള്ളത്. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 3657 തസ്തിക കൂടി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധനയിലാണ്. പോലീസ് സേനാംഗങ്ങൾക്ക് പരിശീലന കാലയളവിൽ വാഹനം ഓടിക്കുന്നതിനുള്ള പരിശീലനവും ലൈസൻസും ലഭ്യമാക്കി വരുന്നുണ്ട്. ആയതിനാൽ അത്യാവശ്യഘട്ടങ്ങളിൽ പോലീസ് കോൺസ്റ്റബിൾമാരുടെ സേവനം കൂടി ലഭ്യമാക്കാറുണ്ട്. |
| **(സി)** 3657 ഡ്രൈവർമാരുടെ ആവശ്യം ഉണ്ടെന്ന് കാണിച്ച് ഡി.ജി.പി. സർക്കാരിലേക്ക് 16.07.2015 ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | ഉണ്ട്. സർക്കാരിന്റെ പരിശോധനയിലാണ്. |
| **(ഡി)** പോലീസ് ഡ്രൈവേഴ്സിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണെന്നും റാങ്ക് ലിസ്റ്റിൽ എത്ര പേരുണ്ടെന്നും അതിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നും അറിയിക്കുമോ; | (ഡി) | വിവരം അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| **(ഇ)** ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വാഹനങ്ങളുടെ എണ്ണത്തിനുസരിച്ച് ഡ്രൈവർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(ഇ)** | പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ നിലവിലുണ്ടായിരുന്ന 483 ഒഴിവുകൾ പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 3657 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമനമ്പർ | ജില്ല | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം | നിയമന ശിപാർശ നൽകിയവരുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 17.11.2014 | 434 | 130 |
| 2 | പത്തനംതിട്ട | 01.12.2014 | 486 | 43 |
| 3 | ഇടുക്കി | 30.12.2014 | 348 | 49 |
| 4 | എറണാകുളം | 17.11.2014 | 350 | 57 |
| 5 | തൃശ്ശൂർ | 15.12.2014 | 104 | 21 |
| 6 | മലപ്പുറം | 01.12.2014 | 678 | 73 |
| 7 | കാസർഗോഡ് | 17.11.2014 | 481 | 114 |